LIBRARY ARCHIVES Kerala Legislative Assembly

പത്താം ക്ലാസിലെ പാഠപുസ്തകം യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച്

14 (2015) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ സ്റ്റേറ്റ് സിലബസിൽ പഠിപ്പിക്കുന്ന അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സിലെ പാഠപുസ്തകം അവസാനമായി വിതരണം നടത്തിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾക്ക് ഈ അദ്ധ്യയനവർഷം ആദ്യം പണം അടച്ചിട്ടും യഥാസമയം സ്കൂളുകൾക്ക് പുസ്തകം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ അൺ-എയ്ഡഡ് സ്കൂളുകൾ പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾക്കായി പണം അടച്ച തീയതിയും പ്രസ്തുത സ്കൂളുകൾക്ക് ഓരോ വിഷയത്തിലുമുള്ള പാഠപുസ്തകം നൽകിയ തീയതിയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ബാലഭവനുകളുടെ പ്രവർത്തനം

15 (2017) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട് ; അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ബാലഭവനുകൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ബാലഭവൻ ഏതാണ് ; അങ്ങനെയൊരു വിലയിരുത്തൽ നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ ജില്ലകളിലും ബാലഭവനുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ച് ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ബി) ബാലഭവനുകൾക്ക് ഗ്രാന്റ് നൽകുന്നത് ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും, കുട്ടികളുടെ കലാവാസന വളർത്തുന്നതിനുള്ള പരിപാടികൾക്കുംവേണ്ടിയാണ്. ജീവനക്കാരുടെ എണ്ണമനുസരിച്ച് ഓരോ ബാലഭവനും നൽകുന്ന ഗ്രാന്റ് തുക വ്യത്യസ്തമാണ്. ഉപകരണങ്ങൾവാങ്ങുന്നതിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബാലഭവനുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ പ്ലാൻ ഇനത്തിൽ തുക വകയിരുത്തി അനുവദിക്കാറുണ്ട്.

(സി) ബാലഭവനുകൾ അതാത് പ്രാദേശിക സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നവ ആയതിനാൽ അത്തരത്തിലൊരു വിലയിരുത്തൽ നടത്തേണ്ട ആവശ്യമില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

അഞ്ചാം ക്ലാസ് വരെയുള്ള പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളുകളായി ഉയർത്തുന്നതിനുള്ള നടപടി

16 (2018) ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചാം ക്ലാസ് വരെയുള്ള എത്ര പ്രൈമറി സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സർക്കാർ സ്കൂളുകൾ എത്ര, സ്വകാര്യ സ്കൂളുകൾ എത്ര എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളിലെ അഞ്ചാം ക്ലാസിൽ ഹിന്ദി പഠന സൗകര്യം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളുകളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 733 സ്കൂളുകൾ (ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു.)*

(ബി) സർക്കാർ 227, എയ്ഡഡ് 506

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്